# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**1498** — **21/03/2012**-ൽ മറുപടി നൽകേണ്ടിയിരുന്നത്

## വൈകുണ്ഠസ്വാമികൾക്ക് സ്മാരകം

ചോദ്യം

ശ്രീമതി. ജമീലാ പ്രകാശം

ഉത്തരം

ശ്രീ. കെ.സി. ജോസഫ്
(ബഹു.ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള പൈതൃക മ്യൂസിയത്തിന്റെ പ്രവർത്തനങ്ങൾ ഏത് രീതിയിലാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (എ) | നവീന സാങ്കേതിക വിദ്യകളുടെ അകമ്പടിയോടെ കേരളത്തിലെ പാരമ്പര്യ മ്യൂസിയം സങ്കൽപങ്ങളിൽ മാറ്റം വരുത്തി ''തീമാറ്റിക് -ഇന്ററാക്ടീവ്'' മ്യൂസിയങ്ങൾ ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ, ഒരു മാതൃകയെന്നോണമാണ് തിരുവനന്തപുരം പാർക്ക് വ്യൂ മന്ദിരത്തിൽ 21/03/2011 ൽ കേരളം ചരിത്രപൈതൃക മ്യൂസിയം രൂപം കൊണ്ടത്. പുരാവസ്തു, വിനോദസഞ്ചാരം , മ്യൂസിയവും മൃഗശാലയും വകുപ്പുകളുടെ സംയുക്ത സഹകരണത്തോടു കൂടി ആരംഭിച്ച കേരളം മ്യൂസിയത്തിൽ ''കേരളം നൂറ്റാണ്ടുകളിലൂടെ'' എന്ന പ്രമേയത്തിൻമേൽ അയ്യായിരം വർഷത്തെ കേരളത്തിന്റെ ചരിത്രം വെളിവാക്കുന്ന പ്രദർശനമാണ് ഒരുക്കിയിട്ടുള്ളത്. 1955-ലെ തിരുവിതാംകൂർ -കൊച്ചി സാഹിത്യശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് അനുസരിച്ച് 2011 മാർച്ച് മാസം 10-)ം തീയതി ക്രമ നമ്പർ T. 407/11 പ്രകാരം രൂപീകരിച്ച ബൈലാ പ്രകാരമാണ് കേരളം ചരിത്ര പൈതൃക മ്യൂസിയത്തിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് |

| | | | |
|---|---|---|---|
| | | | പോകുന്നത്. ബഹു. സാംസ്കാരിക കാര്യ വകുപ്പ് മന്ത്രി ചെയർമാനായ ഭരണ സമിതിയാണ് കേരളം ചരിത്ര പൈതൃക മ്യൂസിയത്തിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്.<br><br>ചരിത്ര പൈതൃക മ്യൂസിയത്തിന്റെ നടത്തിപ്പിനു പുറമേ 04/02/2012 ലെ സർക്കാർ ഉത്തരവു പ്രകാരം (GO(Rt.) No.69/12/CAD,04/02/2012) കേരളം ചരിത്ര പൈതൃക മ്യൂസിയത്തെ സാംസ്കാരിക കാര്യ വകുപ്പിന്റെ കീഴിലുള്ള മ്യൂസിയങ്ങളുടെ നോഡൽ ഏജൻസിയായും മറ്റു മ്യൂസിയങ്ങളുടെ വികസന പ്രവർത്തനങ്ങൾ കേരളം ചരിത്ര പൈതൃക മ്യൂസിയത്തിലൂടെ പ്രാവർത്തികമാക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മ്യൂസിയത്തിന്റെ ഭാഗമായി വൈകുണ്ഠസ്വാമികൾക്കു വേണ്ടി തിരുവനന്തപുരം നഗരത്തിൽ സ്മാരകം പണിയുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | വട്ടിയൂർക്കാവിൽ സ്വാതന്ത്ര്യ സമര സേനാനികൾക്കുവേണ്ടി സ്മാരകം പണിയുന്നതിനും സ്മാരകത്തിന് സ്വാതന്ത്ര്യ സമര പോരാളി എ. കുഞ്ഞൻ നാടാരുടെ പേര് നൽകുന്നതിനും നടപടി സ്വീകരിക്കുമോ ? | (സി) | വട്ടിയൂർക്കാവ് സ്വാതന്ത്ര്യ സമരസേനാനികൾക്കു വേണ്ടിയുള്ള സ്മാരകം പണിയുന്നതിനുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്മാരകം കേരളത്തിലെ സ്വാതന്ത്ര്യ സമര സേനാനികളുടെ മുഴുവനും ത്യാഗോജ്ജ്വലമായ ഓർമ്മ നിലനിർത്താനാണ്. |

സെക്ഷൻ ഓഫീസർ.